"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതു വിദ്യാഭ്യാസ വകുപ്പ് - പാലക്കാട് ഞാങ്ങാട്ടിരി എ യു പി സ്കൂളിൽ നിന്നും പ്രഥമാദ്ധ്യാപികയായി വിരമിച്ച ശ്രീമതി. സി. കെ ശോഭന ഫയൽ ചെയ്ത W.P.(C) No. 27569/2020 മേൽ ബഹു. ഹൈക്കോടതി പുറപ്പെടുവിച്ച 08.12.2021 തീയതിയിലെ ഇടക്കാല വിധിന്യായം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.2248/2022/GEDN തീയതി,തിരുവനന്തപുരം, 04-04-2022

---

പരാമർശം:-

1. പാലക്കാട് ഞാങ്ങാട്ടിരി എ യു പി സ്കൂൾ മാനേജരുടെ 09/01/2015 ലെ പുന:പരിശോധനാ ഹർജി.
2. ബഹു. കേരള ഹൈക്കോടതിയുടെ 08.12.2021 -ലെ W.P.(C) No. 27569/2020 മേലുള്ള ഇടക്കാല വിധിന്യായം.
3. തൃത്താല ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 15/02/2022-ലെ സി/3889/2014 നമ്പർ കത്ത്.
4. പാലക്കാട് വിദ്യാഭ്യാസ ഉപ ഡയറക്ടറുടെ 28/02/2022-ലെ DDEPKD/772/2022-B2 നമ്പർ കത്ത്.
5. ഒറ്റപ്പാലം ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 28/02/2022-ലെ ബി4/1130/2022 നമ്പർ കത്ത്.
6. പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 01/04/2022-ലെ വിബി2/410485/2022 നമ്പർ കത്ത്.

**ഉത്തരവ്**

പാലക്കാട് ഞാങ്ങാട്ടിരി എ യു പി സ്കൂളിൽ നിന്നും പ്രഥമാദ്ധ്യാപികയായി വിരമിച്ച ശ്രീമതി. സി. കെ ശോഭന ഫയൽ ചെയ്ത W.P.(C) No. 27569/2020 മേൽ ബഹു. ഹൈക്കോടതി പുറപ്പെടുവിച്ച പരാമർശം 2 വിധിന്യായത്തിൽ ടി സ്കൂൾ മാനേജർ സർക്കാരിൽ സമർപ്പിച്ചതും Ext.P3 സർക്കാർ കത്തിൽ പരാമർശിക്കുന്നതുമായ പുന:പരിശോധനാ ഹർജി(പരാമർശം 1) ഹർജിക്കാരിയെയും മാനേജരെയും കേട്ട് തീർപ്പാക്കണമെന്ന് ഒന്നാം എതിർകക്ഷിയായ പൊതു വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിക്ക് നിർദ്ദേശം നൽകുകയുണ്ടായി. അപ്രകാരം ഈ കേസുമായി ബന്ധപ്പെട്ടവരുടെ വാദം 04.03.2022-ന് ഗൂഗിൾ മീറ്റ് വഴി കേട്ടു

2. ഹർജിക്കാരിയ്ക്ക് ഹിയറിങ്ങ് നോട്ടീസ് നേരിട്ടു നല്കുകയും അവർ ആയത് 22.02.2022-ന് വൈകുന്നേരം 3.30ന് കൈപ്പറ്റി ഒപ്പുവച്ചു നല്കുകയും ചെയ്തിട്ടുണ്ടെന്ന് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ ഹിയറിങ്ങ് വേളയിൽ അറിയിച്ചു. പക്ഷെ, ഹിയറിങ്ങിന് ഹർജിക്കാരിയോ പ്രതിനിധിയോ ഹാജരുണ്ടായിരുന്നില്ല. അതുകൊണ്ട്, ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ,

വിദ്യാഭ്യാസ ഉപഡയറക്ടർ, പൊതുവിദ്യാഭ്യാസ ഡയറക്ടർ എന്നിവരുടെ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ വിഷയം പരിശോധിച്ച് ചുവടെ ചേർക്കുന്നു:-

"എ) പാലക്കാട്, എ.യു.പി.എസ് ഞാങ്ങാട്ടൂർ സ്കൂളിലെ പ്രധാനാദ്ധ്യാപികയായിരുന്ന ശ്രീമതി. സി.കെ.ശോഭനയെ അന്നത്തെ മാനേജർ 15/10/2014 ന് സേവനത്തിൽ നിന്നും സസ്പെന്റ് ചെയ്തിരുന്നു. 13/10/2014, 14/10/2014 തീയതികളിൽ സ്കൂളിൽ ഹാരജരാവാതെയും നിയമാനുസൃതം ലീവിൽ പ്രവേശിക്കാതെയും സ്കൂൾ പ്രവർത്തനം അനാഥമാക്കിയെന്ന കാരണത്താലാണ് ശ്രീമതി. ശോഭനയെ മാനേജർ സസ്പെൻഡ് ചെയ്തിരുന്നത്.

ബി) തുടർന്ന് തൃത്താല ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസർ ഈ വിഷയത്തിൽ പ്രാഥമികാന്വേഷണം നടത്തുകയും സസ്പെൻഷനുള്ള കാരണങ്ങൾ നിലനിൽക്കുന്നതല്ലെന്ന് ബോധ്യപ്പെട്ടതിനാൽ കെ.ഇ.ആർ അദ്ധ്യായം റൂൾ 67 പ്രകാരം ടിയാരിയെ സസ്പെൻഡ് ചെയ്ത തീയതി മുതൽ സേവനത്തിൽ പുന:പ്രവേശിപ്പിക്കാൻ മാനേജർക്ക് നിർദ്ദേശം നൽകികൊണ്ട് സി/3889/2016 തീയതി 29/10/2014 പ്രകാരം ഉത്തരവ് നൽകുകയും ചെയ്തു.

സി) ഈ ഉത്തരവിനെതിരെ മാനേജർ സർക്കാരിനെ സമീപിക്കുകയും 12/02/2015 ലെ 4251/ബി3/2015/പൊ.വി.വ നമ്പർ കത്ത് പ്രകാരം സസ്പെൻഷൻ റദ്ദ് ചെയ്ത ഉത്തരവ് ഇനി ഒരു സർക്കാർ ഉത്തരവുണ്ടാകുന്നതു വരെ സ്റ്റേ ചെയ്യുകയും, അന്വേഷണത്തിനായി പാലക്കാട് വിദ്യാഭ്യാസ ഉപഡയറക്ടറെ ചുമതലപ്പെടുത്തുകയും ചെയ്തു. തുടർന്ന് പാലക്കാട് വിദ്യാഭ്യാസ ഉപഡയറക്ടർ ഞാങ്ങാട്ടൂർ എ.യു.പി സ്കൂളിൽ വെച്ച് അന്വേഷണം നടത്തുകയും, അന്വേഷണ റിപ്പോർട്ട് ഈ കാര്യാലയത്തിലെ ബി6/11387/2014 തിയതി 22/09/2015, ബി6/2888/2019 തിയതി 14/03/2019 പ്രകാരം സർക്കാരിൽ സമർപ്പിച്ചിരുന്നു. ആയതിൽ പിന്നീട് സർക്കാർ ഉത്തരവോ നിർദ്ദേശങ്ങളോ ലഭിക്കുകയും ചെയ്തിരുന്നില്ല. തുടർന്ന് സസ്പെൻഷനിൽ ഇരുന്നുകൊണ്ട് ശ്രീമതി ശോഭന 31/05/2016 ന് സേവനത്തിൽ നിന്നും വിരമിക്കുകയും ചെയ്തു.

ഡി) ശ്രീമതി. ശോഭന ഈ വിഷയത്തിൽ ബഹു. ഹൈക്കോടതിയെ സമീപിച്ചതിനെ തുടർന്ന് ബഹു.ഹൈക്കോടതി നം. (ഇ) 1856/2015 ഹർജിയിൽ 16/10/2018 തീയതി പ്രകാരം വിധിന്യായം പുറപ്പെടുവിച്ചു. പ്രസ്തുത വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ 15/10/2014 മുതൽ 31/05/2016 വരെയുള്ള സസ്പെൻഷൻ കാലയളവിലെ ശമ്പളവും ആനുകൂല്യങ്ങളും നൽകണമെന്നാവശ്യപ്പെട്ട് ശ്രീമതി. ശോഭന കത്ത് സമർപ്പിച്ചിരുന്നു. ശ്രീമതി.ശോഭന സമർപ്പിച്ച അപേക്ഷ പരിഗണിച്ച് ഉചിതമായ തീരുമാനമെടുക്കാനാണ് വിധിന്യായത്തിൽ ബഹു. ഹൈക്കോടതി നിർദ്ദേശിച്ചിരുന്നത്.

ഇ) ശ്രീമതി. ശോഭനയുടെ 15/10/2014 മുതലുള്ള സസ്പെൻഷൻ റദ്ദ് ചെയ്ത് തൃത്താല ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ ഓഫീസിൽ നിന്നും ഉത്തരവായെങ്കിലും ആയത് സ്റ്റേ ചെയ്ത് സർക്കാർ അന്വേഷണത്തിന് ഉത്തരവിടുകയും പിന്നീട് സർക്കാരിൽ നിന്നും ഉത്തരവോ നിർദ്ദേശങ്ങളോ ലഭിക്കാത്തതിനാൽ ശമ്പളവും അലവൻസുകളും അനുവദിക്കണമെന്ന ശ്രീമതി. ശോഭനയുടെ അപേക്ഷ തൃത്താല ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസർ കാര്യാലയത്തിന് പരിഗണിക്കാൻ കഴിയാത്തതിനാൽ 14/01/2019 ലെ സി/388/2014 നമ്പർ ഉത്തരവ് പ്രകാരം ശ്രീമതി. ശോഭനയുടെ അപേക്ഷ നിരസിച്ച് കൊണ്ട് കോടതി ഉത്തരവ് നടപ്പിലാക്കുകയായണുണ്ടായത്.

എഫ്) തുടർന്ന് ബഹു. ഹൈക്കോടതിയുടെ റിട്ട് ഹർജി 2298/2018 തീയതി 28/11/2019 ലെ ഉത്തരവ് പ്രകാരം ശ്രീമതി. ശോഭനയുടെ സസ്പെൻഷൻ സംബന്ധിച്ച വിഷയത്തിൽ തീരുമാനമെടുക്കാൻ സർക്കാരിന് നിർദ്ദേശം നൽകുകയും ചെയ്തിരുന്നു. 18/06/2019 ലെ ബി3/14/2019/പൊ.വി.വ നമ്പർ കത്ത് പ്രകാരം എ.യു.പി.എസ് ഞാങ്ങാട്ടൂർ സ്കൂളിൽ നിന്നും 1,30,550/- രൂപ നഷ്ടപ്പെട്ടത് സംബന്ധിച്ച കേസ് അന്വേഷണം തുടരുന്നതിനാൽ ടി. കേസിന്റെ തീർപ്പിന് വിധേയമായി മാത്രമേ ശ്രീമതി. സി.കെ.ശോഭനയുടെ പെൻഷൻ ആനുകൂല്യങ്ങൾ വിതരണം ചെയ്യാൻ കഴിയുകയുള്ളൂ എന്ന് സർക്കാരിൽ നിന്നും അറിയിക്കുകയും ചെയ്തു. പ്രസ്തുത തുക നഷ്ടപ്പെട്ട കേസിൽ ഇതു വരെയും അന്തിമ വിധിന്യായം ലഭ്യമായിട്ടില്ല.

ജി) ഇതുമായി ബന്ധപ്പെട്ട് താഴെ പറയുന്ന കാര്യങ്ങൾ കൂടി അറിവിലേയ്ക്കായി ബോധിപ്പിക്കുന്നു.

ശ്രീമതി. ശോഭനയുടെ താഴെ പറയുന്ന സസ്പെൻഷൻ കാലയളവുകൾ കൂടി റഗുലറൈസ് ചെയ്ത് ലഭിക്കാനുണ്ട്.

16/09/2009 – 25/09/2009

24/12/2011 – 25/03/2013

02/07/2013 – 27/12/2013

ടിയാരിക്ക് മിനിമം പെൻഷൻ തൃത്താല ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ ഓഫീസിൽ നിന്നും നേരത്തെ അനുവദിച്ച് നൽകിയിട്ടുണ്ട്. മാനേജ്മെന്റ് തർക്കം മൂലം നിലവിൽ സ്കൂളിൽ മാനേജരില്ല. ബഹു. ഹൈക്കോടതി വിധിന്യായ പ്രകാരം സ്കൂളിന്റെ അഡ്ഹോക്ക് മാനേജരായി തൃത്താല ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസറെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്.''

3. പരാമർശം 2 വിധിന്യായത്തിൽ 12/02/2015 ലെ 4251/ബി3/2015/പൊ.വി.വ നമ്പർ കത്തിൽ പരാമർശിക്കുന്ന മാനേജരുടെ റിവിഷനാണ് തീർപ്പാക്കാൻ കോടതി നിർദ്ദേശിച്ചിട്ടുള്ളത്. എന്നാൽ ഹിയറിങിൽ പ്രസ്തുത മാനേജരോ ഹർജിക്കാരിയോ പങ്കെടുത്തിട്ടില്ലാത്തതിനാൽ ഫയലിൽ ലഭ്യമായ ടി റിവിഷന്റെ പകർപ്പ് പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് കൈമാറുകയും ടി ഓഫീസർ ചുവടെപ്പറയും വിധം റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്:-

"തൃത്താല വിദ്യാഭ്യാസ ഉപജില്ലയിലെ ഞങ്ങാട്ടൂർ എ യുപി സ്കൂളിലെ പ്രധാന അധ്യാപികയായ ആയിരുന്ന ശ്രീമതി സി കെ ശോഭനയെ അന്നത്തെ മാനേജർ ആയിരുന്ന ശ്രീ എച്ച് നാരായണൻ 15/10/2014ന് സേവനത്തിൽ നിന്നും സസ്പെൻഡ് ചെയ്തിരുന്നു. 13/10/2014, 14/10/2014 തീയതികളിൽ സ്കൂളിൽ ഹാജരാകാതെയും നിയമാനുസൃതം ലീവിൽ പ്രവേശിക്കാതെ സ്കൂൾ പ്രവർത്തനം അനാഥമാക്കി എന്ന കാരണത്താലാണ് ശ്രീമതി ശോഭനയെ മാനേജർ സസ്പെൻഡ് ചെയ്തിരുന്നത്. തുടർന്ന് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിൽ നിന്നും ഈ വിഷയത്തിൽ പ്രാഥമിക അന്വേഷണം നടത്തുകയും സസ്പെൻഷന് ആധാരമായ കാരണങ്ങൾ നിലനിൽക്കുന്നതല്ലെന്ന് ബോധ്യപ്പെട്ടതിനാൽ ഇ ആർ അധ്യായം 14 ചട്ടം 67 പ്രകാരം സസ്പെൻഡ് ചെയ്ത തീയതി മുതൽ സേവനത്തിൽ പ്രവേശിപ്പിക്കാൻ മാനേജർക്ക് നിർദ്ദേശം നൽകികൊണ്ട് ഉത്തരവ് നൽകുകയും ചെയ്തു.

ശ്രീമതി ശോഭനയുടെ മെഡിക്കൽ ഗ്രൗണ്ടിൽ ഉള്ള അവധി അപേക്ഷ 14/10/2014ന് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിൽ ലഭിച്ചിട്ടുണ്ടായിരുന്നു. മാനേജർ 23/1/2015 തീയതി പ്രകാരം സർക്കാരിൽ സമർപ്പിച്ച റിവിഷൻ പെറ്റീഷനിൽ കെ.ഇ. ആർ അധ്യായം 14 എ ചട്ടം 57 പ്രകാരം പ്രധാനാധ്യാപിക അവധിയിൽ പ്രവേശിക്കുമ്പോൾ സ്കൂൾ മാനേജറുടെ സാക്ഷ്യപ്പെടുത്തൽ നിഷ്കർഷിച്ചിട്ടുണ്ട് എന്ന് അറിയിച്ചിരിക്കുന്നത് തെറ്റാണെന്ന് ബോധിപ്പിക്കുന്നു. യാദൃശ്ചിക അവധി അനുവദിക്കുന്നത് സംബന്ധിച്ചാണ് ഈ ചട്ടത്തിൽ ഉള്ളത്. കെ ആർ അധ്യായം 14എ ചട്ടം 57 ൽ പ്രധാനാധ്യാപികയ്ക്ക് യാദൃശ്ചിക അവധി അനുവദിക്കേണ്ട അധികാരി വിദ്യാഭ്യാസ ഓഫീസർ ആണെന്നും അപേക്ഷയുടെ ഒരു പകർപ്പ് അറിവിലേക്കായി മാനേജർക്ക് നൽകണമെന്നും മാത്രമാണ് പറയുന്നത്. മാനേജർ റിവിഷൻ അപ്പീലിൽ സൂചിപ്പിച്ചിരിക്കുന്ന ഉപജില്ല വിദ്യാഭ്യാസ ഓഫീസിലെ 23.12.2013 ലെ സീ/497/2012 [എക്സി ബിറ്റ് പി 4] ഉത്തരവ് ഈ വിഷയവുമായി ബന്ധപ്പെട്ട് സ്വീകരിച്ച അച്ചടക്ക നടപടി അല്ല. 13/10/2014 മുതൽ മെഡിക്കൽ സർട്ടിഫിക്കറ്റ് ഗ്രൗണ്ടിൽ ഉള്ള ശൂന്യവേതനാവധി അപേക്ഷ ശ്രീമതി ശോഭന 14/10/2014 മെഡിക്കൽ സർട്ടിഫിക്കറ്റ് സഹിതം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിൽ സമർപ്പിച്ചിട്ടുള്ള സാഹചര്യത്തിൽ ശ്രീമതി സി കെ ശോഭനയുടെ സസ്പെൻഷനു കാരണമായ വിഷയങ്ങൾ വസ്തുതാപരമായി നിലനിൽക്കുന്നത് അല്ലാത്തതിനാൽ മാനേജറുടെ റിവിഷൻ അപ്പീൽ അപേക്ഷ പരിഗണനാർഹമല്ല."

4. സർക്കാർ ടി സ്കൂൾ മാനേജറുടെ പരാമർശം 1 പുനപരിശോധനാ ഹർജി വിദ്യാഭ്യാസ ഓഫീസർമാരുടെ പരാമർശം 3 മുതൽ 6 വരെ റിപ്പോർട്ടുകൾ, ഹിയറിങ് സമയത്തെ വാദം, ഹാജരാക്കപ്പെട്ട രേഖകൾ, ബന്ധപ്പെട്ട ചട്ടങ്ങൾ/ ഉത്തരവുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ പരിശോധിച്ചപ്പോൾ ആയതിൽ ആരോപിതമായ കുറ്റങ്ങൾക്ക് അടിസ്ഥാനമില്ലെന്ന് കാണുന്നതിനാൽ 12/02/2015 ലെ 4251/ബി3/2015/പൊ.വി.വ നമ്പർ കത്തിൽ(Ext.P3) പരാമർശിക്കുന്ന മാനേജറുടെ സ്റ്റേ പെറ്റിഷന് അനുബന്ധമായി സർക്കാരിൽ സമർപ്പിച്ച ടി പുനപരിശോധനാ ഹർജി നിരസിച്ച് തീർപ്പാക്കി അപ്രകാരം ബഹു: ഹൈക്കോടതിയുടെ പരാമർശം 2 വിധിന്യായം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എ പി എം മുഹമ്മദ് ഹനീഷ്
പ്രിൻസിപ്പൽ സെക്രട്ടറി

പകർപ്പ്:-

അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖകത്ത് സഹിതം)
പൊതു വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
വിദ്യാഭ്യാസ ഉപ ഡയറക്ടർ, പാലക്കാട്.
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, ഒറ്റപ്പാലം, പാലക്കാട് ജില്ല.
ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസർ, തൃത്താല, പാലക്കാട് ജില്ല.
മാനേജർ, എ യു പി സ്കൂൾ, ഞാങ്ങാട്ടിരി , പാലക്കാട്.
പ്രഥമാദ്ധ്യാപകൻ, എ യു പി സ്കൂൾ, ഞാങ്ങാട്ടിരി , പാലക്കാട്-679303.
ശ്രീമതി.സി.കെ. ശോഭന, ജ്യോത്സന, ഞാങ്ങാട്ടിരി, പാലക്കാട്-679303.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ( എ&ഇ, ആഡിറ്റ്), തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

(സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിയ്ക്കാൻ)

കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം
**Signed by Shahna Kumari S L**
**Date: 05-04-2022 10:30:17**
സെക്ഷൻ ഓഫീസർ